# 🌼 ഓണാശംസകൾ 🌼

സമഗ്ര ശിക്ഷ, കേരളം

സമഗ്ര ശിക്ഷ കേരള യിലെ പ്രിയപ്പെട്ട എല്ലാ സഹപ്രവർത്തകർക്കും കേരളത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ.

സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും പങ്കുവെക്കലിന്റെയും സന്തോഷത്തിന്റെയും മഹത്തായ സന്ദേശമാണ് ഓണം നമുക്ക് നൽകുന്നത്. ഈ ഓണക്കാലത്ത്, നിരവധി വെല്ലുവിളികൾക്കിടയിലും നമുക്ക് അഭിമാനത്തോടെ ഓർക്കാവുന്ന ചില നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്.

കേന്ദ്ര വിഹിതം ലഭിക്കാത്ത സാഹചര്യത്തിലും ബഹുമാനപ്പെട്ട സംസ്ഥാന സർക്കാരിന്റെ പിന്തുണയും സഹകരണവും കൊണ്ട് എല്ലാ ശമ്പള കുടിശ്ശികകളും തീർത്ത് നൽകാനും, അർഹരായ എല്ലാവർക്കും ഓണം അഡ്വാൻസ്, ഫെസ്റ്റിവൽ അലവൻസ്, ബോണസ് തുടങ്ങിയ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകാനും നമുക്ക് കഴിഞ്ഞു. ഇതിന് സംസ്ഥാന സർക്കാരിനോടുള്ള ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു.

നമ്മുടെ പ്രത്യേക പരിഗണന അർഹിക്കുന്ന കുഞ്ഞുങ്ങളുടെ ഓണവും സന്തോഷപൂർണമാക്കുന്നതിനായി വീടുകളിൽ കഴിയുന്ന നമ്മുടെ കുഞ്ഞുകൂട്ടുകാർക്കായി ‘ചങ്ങാതിക്കൂട്ടം’ സംഘടിപ്പിക്കുന്നതിനുള്ള ഉത്തരവും ആവശ്യമായ ധനവിനിയോഗവും നടത്താൻ കഴിഞ്ഞതിലും ഏറെ സന്തോഷമുണ്ട്. ഓണത്തിനു ശേഷമുള്ള ദിവസങ്ങളിൽ മെഡിക്കൽ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിച്ച് കുട്ടികളിലെ ആരോഗ്യപ്രശ്നങ്ങളും വളർച്ചയുമായി ബന്ധപ്പെട്ട അസാധാരണതകളും നേരത്തേ കണ്ടെത്തുന്നതിനുള്ള നടപടികൾക്കും ഉത്തരവിടുകയും, പണം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

വെല്ലുവിളികൾ നിറഞ്ഞ ഒരു കാലഘട്ടമായിരുന്നിട്ടും, പരസ്പര സഹകരണത്തോടെയും കൂട്ടായ ഉത്തരവാദിത്വബോധത്തോടെയും ഈ വർഷത്തെ ഓണം സംതൃപ്തിയോടെയും സന്തോഷത്തോടെയും ആഘോഷിക്കാൻ നമുക്ക് കഴിഞ്ഞു. സംസ്ഥാന ഓഫീസിലും, എല്ലാ ജില്ലാ ഓഫീസുകളിലും, ബി.ആർ.സി. കളിലും കെങ്കേമമായി ഓണാഘോഷം സംഘടിപ്പിച്ചത് ഏറെ ആവേശമുണർത്തുന്നതാണ്. ഇത് നമ്മുടെ കൂട്ടായ പ്രവർത്തനത്തിന്റെ വലിയ നേട്ടമാണ്.

സമഗ്ര ശിക്ഷ കേരളത്തിന്റെ പ്രവർത്തനങ്ങൾക്ക് ആത്മാർത്ഥമായ പിന്തുണയും സഹകരണവും നൽകുന്ന ഓരോ ജീവനക്കാരനും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. നമ്മുടെ കൂട്ടായ പരിശ്രമവും പ്രതിബദ്ധതയും കേരളത്തിലെ ഓരോ കുട്ടിയുടെയും അവകാശങ്ങളും അവസരങ്ങളും ഉറപ്പാക്കുന്നതിനും, അവരുടെ ആത്മാഭിമാനം വർധിപ്പിക്കുന്നതിനും,സമഗ്ര ശിക്ഷ കേരളയെ കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കുന്നതിനും ശക്തിയാകട്ടെ.

**എല്ലാവർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ!**
**സ്നേഹവും സമത്വവും സന്തോഷവും സമൃദ്ധിയും നിറഞ്ഞ ഒരു പൊന്നോണം ആശംസിക്കുന്നു.**

**ഒരുമിച്ച് മുന്നേറാം...**
**സ്വപ്നങ്ങൾക്ക് ചിറകേകാം...**

**നന്ദി,**

**ഡോ. കെ. മോഹൻകുമാർ**
സ്റ്റേറ്റ് പ്രൊജക്റ്റ് ഡയറക്ടർ
സമഗ്ര ശിക്ഷ, കേരളം